410/est/19

"ഭരണഭാഷ — മാതൃഭാഷ"

# അടിയന്തിരം

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone: 0471 – 2324951
0471 – 2325071
Tele Fax: 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി3-4620/2012/സിഇ/തസ്വഭവ തീയതി: 19.02.2019

## പരിപത്രം

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - റോഡ് നിർമ്മാണത്തിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗം - മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള യോഗം - ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം പ്രൊഫോർമയിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 30.07.2018 - ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരള സംസ്ഥാന മിഷൻ യോഗത്തിന്റെ നടപടിക്കുറിപ്പ്

2) തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 06.02.2019 - ലെ കത്ത് നം. 523/ഡി.സി1/18/തസ്വഭവ

3) www.celsgd.kerala.gov.in എന്ന വെബ് സൈറ്റിലെ "Proforma" പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള **പ്രൊഫോർമ നം. P-1022**

ഈ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശമുള്ളതാണ്. സൂചന (1) പ്രകാരം റോഡ് ടാർ ചെയ്യുമ്പോൾ ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് കൂടി ഉപയോഗിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കണമെന്നും, ആയത് വിലയിരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നും തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ (റൂറൽ) സ്പെഷ്യൽ സെക്രട്ടറിയുടെ ചേമ്പറിൽ വെച്ച് യോഗം ചേരുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ടി യോഗത്തിൽ ഇതുവരെയുള്ള ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വിലയിരുത്തുന്നതിനായി ചുവടെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ സൂചന (3) - ൽ പ്രതിപാദിച്ചിട്ടുള്ള പ്രൊഫോർമയിൽ **22.02.2019 - ന് 4.00 മണിയ്ക്ക് മുൻപായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.**

1. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്തിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളുടെ എണ്ണം
2. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്തിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളുടെ നീളം (in Km only)
3. റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുള്ള ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ അളവ് (in Kg only)
4. ഈ സാമ്പത്തിക വർഷം (up to March 31, 2019) ഇനി ആവശ്യമുള്ള ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ അളവ് (in Kg only)

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ